# Prime Minister’s Departure Statement ahead of his visit to Rome and Glasgow

October 28, 2021

---

**റോം , ഗ്ലാസ്‌കോ എന്നിവിടങ്ങളിലേക്കുള്ള സന്ദർശനത്തിനു മുന്നോടിയായുള്ള പ്രധാനമന്ത്രിയുടെ പ്രസ്താവന**

ഒക്ടോബർ 28, 2021

പ്രധാനമന്ത്രി മരിയോ ഡ്രാഗിയുടെ ക്ഷണപ്രകാരം 2021 ഒക്ടോബർ 29 മുതൽ 31 വരെയുള്ള തിയ്യതികളിൽ ഞാൻ റോം, ഇറ്റലി, വത്തിക്കാൻ സിറ്റി എന്നിവ സന്ദർശിക്കും. , തുടർന്ന് പ്രധാനമന്ത്രി ബോറിസ് ജോൺസൺന്റെ ക്ഷണപ്രകാരം 2021 നവംബർ 1,2 തിയ്യതികളിൽ ഞാൻ യുണൈറ്റഡ് കിംഗ്ഡത്തിലെ ഗ്ലാസ്ഗോയിലേക്ക് പോകുന്നതാണ്.

റോമിൽ, ഞാൻ 16-മത് G20 നേതാക്കളുടെ ഉച്ചകോടിയിൽ പങ്കെടുക്കും, അവിടെ ഞാൻ മറ്റ് G20 നേതാക്കളുമായി പകർച്ചവ്യാധി, സുസ്ഥിര വികസനം, കാലാവസ്ഥാ വ്യതിയാനം എന്നിവയിൽ നിന്നുള്ള ആഗോള സാമ്പത്തിക, ആരോഗ്യ വീണ്ടെടുപ്പിനെക്കുറിച്ചുള്ള ചർച്ചകളിൽ പങ്കെടുക്കും. 2020-ൽ മഹാമാരി പൊട്ടിപ്പുറപ്പെട്ടതിന് ശേഷമുള്ള G20-ന്റെ ആദ്യത്തെ വ്യക്തിഗത ഉച്ചകോടിയാണിത്, ഇത് നിലവിലെ ആഗോള സാഹചര്യം പരിഗണിക്കാനും സാമ്പത്തിക പ്രതിരോധം ശക്തിപ്പെടുത്താനും സമഗ്രമായ രീതിയിൽ വീണ്ടും പടുത്തുയർത്താനും എങ്ങനെ G20 സഹായകമാകും എന്നതിനെക്കുറിച്ചുള്ള ആശയങ്ങൾ പങ്കുവയ്ക്കുകയും ചെയ്യും.

എന്റെ ഇറ്റലി സന്ദർശന വേളയിൽ, ഞാൻ വത്തിക്കാൻ സിറ്റി സന്ദർശിക്കും, പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പയെ സന്ദർശിക്കുകയും സ്റ്റേറ്റ് സെക്രട്ടറി ഹിസ് എമിനൻസ് കർദ്ദിനാൾ പിയട്രോ പരോളിനെ കാണുകയും ചെയ്യും.

G20 ഉച്ചകോടിയുടെ ഭാഗമായി മറ്റ് അംഗരാജ്യങ്ങളിലെ നേതാക്കളുമായും ഞാൻ കൂടിക്കാഴ്ച നടത്തുകയും അവരുമായുള്ള ഇന്ത്യയുടെ ഉഭയകക്ഷി ബന്ധത്തിലെ പുരോഗതി അവലോകനം ചെയ്യുകയും ചെയ്യും.

ഒക്ടോബർ 31-ന് G20 ഉച്ചകോടിയുടെ സമാപനത്തിന് ശേഷം, കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ചുള്ള ഐക്യരാഷ്ട്രസഭയുടെ ഫ്രെയിംവർക്ക് കൺവെൻഷന്റെ

(UNFCCC) പാർട്ടികളുടെ 26-മത് കോൺഫറൻസിൽ (COP-26) പങ്കെടുക്കാൻ ഞാൻ ഗ്ലാസ്ഗോയിലേക്ക് പുറപ്പെടും. 2021 നവംബർ 1-2 തീയതികളിൽ 'വേൾഡ് ലീഡേഴ്സ് സമ്മിറ്റ്' (WLS) എന്ന ശീർഷകത്തിലുള്ള COP-26-ന്റെ ഉന്നതതല സെഗ്മെന്റിൽ ലോകമെമ്പാടുമുള്ള 120 രാഷ്ട്രത്തലവന്മാർ/ഭരകൂട മേധാവികൾ എന്നിവർക്കൊപ്പം ഞാൻ പങ്കെടുക്കും.

പ്രപഞ്ചത്തോടുള്ള ആഴമായ ബഹുമാനത്തോടെ പ്രകൃതിയോടും സംസ്കാരത്തോടും ഇണങ്ങി ജീവിക്കുന്ന നമ്മുടെ പാരമ്പര്യത്തിന് അനുസൃതമായി, ശുദ്ധവും പുനരുൽപ്പാദിപ്പിക്കാവുന്നതുമായ ഊർജ്ജം, ഊർജ്ജ കാര്യക്ഷമത, വനവൽക്കരണം, ജൈവ വൈവിധ്യം എന്നിവ വിപുലീകരിക്കുന്നതിന് വളരെ പ്രതീക്ഷ്പരമായ ഒരു നടപടി നമ്മൾ സ്വീകരിക്കുന്നു.കാലാവസ്ഥാ സംയോജനം, ലഘൂകരണം, പ്രതിരോധം, ബഹുമുഖ സഖ്യങ്ങൾ രൂപപ്പെടുത്തൽ എന്നിവയ്ക്കായുള്ള കൂട്ടായ പരിശ്രമത്തിൽ ഇന്ത്യ ഇന്ന് പുതിയ റെക്കോർഡുകൾ സൃഷ്ടിക്കുകയാണ്. സ്ഥാപിതമായ പുനരുപയോഗ ഊർജം, കാറ്റ്, സൗരോർജ്ജ ശേഷി എന്നിവയുടെ കാര്യത്തിൽ ലോകത്തിലെ ഏറ്റവും മികച്ച രാജ്യങ്ങളിലൊന്നാണ് ഇന്ത്യ. WLS-ൽ, കാലാവസ്ഥാ പ്രവർത്തനത്തെയും നമ്മുടെ നേട്ടങ്ങളെയും കുറിച്ചുള്ള ഇന്ത്യയുടെ മികച്ച ട്രാക്ക് റെക്കോർഡ് ഞാൻ പങ്കു വയ്ക്കുന്നതാണ്.

കാർബൺ ശേഖരങ്ങളുടെ തുല്യമായ വിതരണം, ലഘൂകരണം, പൊരുത്തപ്പെടുത്തൽ, പ്രതിരോധശേഷി നിർമ്മാണ നടപടികൾ, ധനസമാഹരണം, സാങ്കേതിക കൈമാറ്റം, ഹരിതാഭാവും എകോപിതവുമായ വളർച്ചയ്ക്ക് സുസ്ഥിര ജീവിതശൈലിയുടെ പ്രാധാന്യം എന്നിവ ഉൾപ്പെടെയുള്ള കാലാവസ്ഥാ വ്യതിയാന പ്രശ്നങ്ങൾ സമഗ്രമായി അഭിസംബോധന ചെയ്യേണ്ടതിന്റെ ആവശ്യകതയും ഞാൻ എടുത്തുകാണിക്കും.

COP26 ഉച്ചകോടി അംഗ രാജ്യങ്ങളിലെ നേതാക്കൾ, നവീനർ, ഇന്റർ-ഗവൺമെന്റൽ ഓർഗനൈസേഷൻ എന്നിവരുൾപ്പെടെ എല്ലാ പങ്കാളികളുമായും കൂടിക്കാഴ്ച നടത്താനും നമ്മുടെ വളർച്ചയെ കൂടുതൽ ത്വരിതപ്പെടുത്തുന്നതിനുള്ള സാധ്യതകൾ പര്യവേക്ഷണം ചെയ്യാനും അവസരമൊരുക്കും.

**ന്യൂ ഡെൽഹി**

**ഒക്ടോബർ 28, 2021**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.